ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, കോഴിക്കോട് നഗരത്തിൽ ടൂറിസം വികസനത്തിന്റെ ഭാഗമായി നിർദ്ദേശിക്കപ്പെട്ട 'സ്വപ്നനഗരി' പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിരുന്ന ഭൂമി കേരള വാട്ടർ അതോറിറ്റിയുടെ കൈവശത്തിലുള്ളതാണ്. 89.19 ഏക്കർ ഭൂമിയാണ് വാട്ടർ അതോറിറ്റിയുടെ കീഴിലുള്ളത്. ഇതിൽ ഭൂരിഭാഗവും വെള്ള ക്കെട്ടാണ്. ഇതിൽനിന്നും 20 ഏക്കർ സ്ഥലമെങ്കിലും ലഭ്യമാക്കുന്നതിന് ശ്രമി ച്ചുകൊണ്ടിരിക്കുകയാണ്. പകരം അനുയോജ്യമായ സ്ഥലം അക്വയർ ചെയ്ത് വാട്ടർ അതോറിറ്റിക്ക് കൈമാറാൻ ടൂറിസം വകുപ്പ് സന്നദ്ധത പ്രകടിപ്പിച്ചി ട്ടുണ്ട്. ഇക്കാര്യം മന്ത്രിതലത്തിൽ തന്നെ ഒന്നിലധികം പ്രാവശ്യം ചർച്ച ചെയ്തു കയും 20 ഏക്കർ സ്ഥലം വിട്ടുതരുന്ന കാര്യത്തിൽ ഒരു ധാരണയിലെത്തു കയും ചെയ്തിട്ടുണ്ട്. ഇതുവരെ ഭൂമി വിട്ടുകിട്ടിയിട്ടില്ല. ഏറ്റവും ഒടുവിൽ പദ്ധതി നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് 21.12.99-ൽ നിയമസഭാ കോംപ്ല ക്സിലുള്ള കോൺഫറൻസ് ഹാളിൽ വച്ച് കൂടിയ യോഗത്തിൽ പദ്ധതി നട ത്തിപ്പിനായി ഉദ്ദേശിക്കുന്ന പ്രദേശത്തുനിന്നും ആവശ്യമായ സ്ഥലം കോഴി ക്കോട് ജില്ലാകളക്ടർ, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, ടൂറിസം ഡയറക്ടർ എന്നിവർ പരിശോധന നടത്തി കണ്ടെത്തേണ്ടതാണെന്ന് തീരുമാനിക്കുകയുണ്ടായി. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചശേഷം പദ്ധതി നടപ്പി ലാക്കേണ്ടതിന്റെ വിശദാംശങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കുന്നതാണ്. ബഹു മാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി കോഴിക്കോട് ചെന്നിട്ട് ഇതിന് അടിയന്തി രമായ നടപടി സ്വീകരിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

(4) നെടുമ്പന പഞ്ചായത്തിലെ മൊട്ടക്കാവ് പാലത്തിന്റെ പണി

ശ്രീ. എൻ. അനിരുദ്ധൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കണ്ണ നെല്ലൂർ-ആയൂർ റോഡിൽ മൊട്ടക്കാവ് പാലംപണി അടിയന്തിരമായി പൂർത്തി യാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. പതിനാറു വർഷങ്ങൾക്കു മുമ്പ് ഇപ്പോൾ നിലവിലുള്ള പാലം അൺസെയിഫായി. അതി നുശേഷം നിരന്തരമായ നിവേദനത്തിന്റെ ഫലമായിട്ടാണ് പാലംപണിക്ക് അനുമതി ലഭിച്ചത്. നിർഭാഗ്യവശാൽ ഈ പാലത്തിന്റെ പണി പിടിച്ചത് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ്. ഒന്നരക്കൊല്ലമായി അതിന് തറക്കല്ലിട്ടിട്ട്. ബഹുമാനപ്പെട്ട അങ്ങുതന്നെയാണ് ഈ പാലത്തിന്റെ തറക്കല്ലിട്ടിട്ടുള്ളത്. പക്ഷെ ഇപ്പോൾ പണി ഇഴഞ്ഞുനീങ്ങുകയാണ്. പണി ഉണ്ടോയെന്നു ചോദി ച്ചാൽ ഉണ്ടെന്നും പണിയില്ലേയെന്നു ചോദിച്ചാൽ ഇല്ലെന്നും പറയത്തക്കരീതി യിൽ വളരെ കുറച്ചുനാളുകളെ വച്ച് ഇഴഞ്ഞുനീങ്ങുന്ന അവസ്ഥയിലാണ് അതിന്റെ പ്രവർത്തനം നടക്കുന്നത്. വളരെ ഗതാഗത തിരക്കുള്ള ഒരു റോഡാ ണത്. പാലത്തിന്റെ പണി ഏറ്റവും പെട്ടെന്ന് പൂർത്തിയാക്കിയില്ലെന്നുണ്ടെ ങ്കിൽ അടുത്ത് കാലവർഷമാകുമ്പോൾ നിലവിലുള്ള പാലം നശിച്ചുപോകാ നുള്ള സാദ്ധ്യതയുണ്ട്. അങ്ങനെവന്നാൽ ഇവിടത്തെ ഗതാഗതം വളരെ വൈഷമ്യമേറിയാകും, അത് പരിഹരിക്കുന്നതിനുവേണ്ടി അങ്ങ് അടിയന്തിര മായ ശ്രദ്ധ ഇക്കാര്യത്തിൽ പതിപ്പിക്കണം. തിരുവനന്തപുരം പട്ടണത്തിലെ പാലത്തിന്റെ പണി പുരോഗമിക്കുന്ന വേഗതയിൽ ഇല്ലെങ്കിൽപോലും അതിന്റെ പകുതി വേഗതയിലെങ്കിലും ഈ മൊട്ടക്കാവ് പാലത്തിന്റെ പണി പൂർത്തീകരിക്കുന്നതിനുവേണ്ട കർശനമായ നിർദ്ദേശം കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി യോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ആയൂർ റോഡിലെ മൊട്ടക്കാവ് പാലത്തിന്റെ പണി 28.6.99-ൽ ആണ് ആരംഭിച്ചത്. ഇപ്പോൾ ഒരു കൊല്ലം ആയിട്ടില്ല. പത്തുമാസമേ ആയിട്ടുള്ളൂ. 47 പൈലുകളുടെ കോൺക്രീറ്റ്- ജോലി കഴിഞ്ഞിട്ടുണ്ട്. അപ്രോച്ച് റോഡിനുവേണ്ടിയുള്ള എർത്ത്ഫില്ലിംഗ് നടന്നുകൊണ്ടിരിക്കുന്നു. ഫൗണ്ടേഷൻ ജോലികൾ നടക്കുന്നുണ്ട്. അത്യാവശ്യമായ കമ്പിയും സിമെന്റും നൽകിയിട്ടുണ്ട്. പാലത്തിന്റെ അംഗീകരിച്ച അലൈൻമെന്റിൽ ചില മാറ്റങ്ങൾ വന്നിട്ടുള്ളതുകൊണ്ടാണ് പണിക്ക് അൽപം കാലതാമസമുണ്ടായത്. ഇത് ഒന്നരക്കൊല്ലംകൊണ്ട് തീർക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിൽ കുറെ കുടിശ്ശികയെല്ലാം കൊടുക്കാനുണ്ട്, ഒന്നരക്കൊല്ലം കൊണ്ട് തീർക്കാമെന്നാണ് പ്രതീക്ഷ.

(5) പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രൊമോഷൻ സാധ്യത

ശ്രീ. ബാബു ദിവാകരൻ : സർ, പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർ അവരുടെ ചില അടിയന്തിരമായി പരിഹരിക്കപ്പെടേണ്ട ആവശ്യങ്ങളെക്കുറിച്ച് മന്ത്രിക്ക് നിവേദനം നൽകിയിരുന്നു. അവിടെ പ്രൊമോഷനുകൾ വളരെക്കുറവാണ്. ജില്ലാ വയോജന വിദ്യാഭ്യാസ ഓഫീസും സംസ്ഥാനത്തെ വയോജന വിദ്യാഭ്യാസ ഓഫീസും നിർത്തലാക്കാൻ സർക്കാർ തീരുമാനിച്ചതുമൂലം പ്രൊമോഷനുവേണ്ടി കാത്തിരുന്ന മുപ്പതു വർഷത്തോളം സേവനം പൂർത്തിയാക്കിയിട്ടുള്ള ജീവനക്കാർക്ക് കനത്ത ആഘാതമാണ് ഉണ്ടായിരിക്കുന്നത്. ഒരു ജോയിന്റ് ഡയറക്ടറുടേയും ഏഴ് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടേയും അഞ്ച് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടേയും ഒരു ജൂനിയർ സൂപ്രണ്ടിന്റേയും ഉൾപ്പെടെ നിലവിലുള്ള നാൽപ്പത്തിരണ്ടോളം തസ്തികകളാണ് ഇല്ലാതാകാൻ പോകുന്നത്. സാധാരണഗതിയിൽ റദ്ദാക്കാനുദ്ദേശിക്കുന്ന തസ്തികകൾ പുനർനാമകരണം ചെയ്ത് അതേ വകുപ്പിൽ തന്നെ ജോലിഭാരം കൂടുതലുള്ള വിഭാഗങ്ങൾക്കുമാറ്റി റീഡിപ്ലോയ്മെന്റ് നടത്തുകയാണ് ഡിപ്പാർട്ടുമെന്റ് ചെയ്യുന്നത്. പക്ഷെ ഈ റീഡിപ്ലോയ്മെന്റ് സാദ്ധ്യതകൾ ഈ ഡിപ്പാർട്ടുമെന്റിൽതന്നെയുണ്ട്. സംസ്ഥാനത്ത് വിവിധ ജില്ലകളിലുള്ള വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ സാമ്പത്തിക ക്രയവിക്രയങ്ങളും ജോലിഭാരവും ഉള്ളതാണ്. അവിടെ ഒരു ജൂനിയർ സൂപ്രണ്ടു മാത്രമാണ് അൻപത് ലക്ഷം രൂപയിൽ അധികം ചെലവുവരുന്ന ട്രാൻസാക്ഷൻസെല്ലാം സൂപ്പർവൈസ് ചെയ്യുന്നത്. ഈ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളിലാണെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ പൂർണ്ണ സാമ്പത്തിക സഹായത്താൽ പ്രവർത്തിക്കുന്നവയുമാണ്. അതുകൊണ്ട് ഈ സംസ്ഥാനത്ത് 14 ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിലും അക്കൗണ്ട്സ് ഓഫീസേഴ്സിന്റെ തസ്തികകൾ അനിവാര്യമാണ്. ഇപ്പോൾ സംസ്ഥാനത്ത് നിറുത്തൽ ചെയ്യാൻ ഉദ്ദേശിക്കുന്ന വയോജന വിദ്യാഭ്യാസ ഓഫീസുകളിലേയും മറ്റും തസ്തികകൾ പുനർനാമകരണം ചെയ്ത് ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ 14 അക്കൗണ്ട്സ് ഓഫീസർമാരുടെ തസ്തികകളും ക്വാളിറ്റി ഇംപ്രൂവ്മെന്റിനുവേണ്ടിയുള്ള വയോജന വിദ്യാഭ്യാസ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് തരംതാഴ്ത്തൽ ഒഴിവാക്കി കിട്ടുന്നതിനായിട്ട് ഏഴു തസ്തികകളും അനുവദിക്കണമെന്ന് ഞാൻ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. ഇതു സംബന്ധിച്ച് അംഗീകൃത സംഘടനയായ കേരള വിദ്യാഭ്യാസ മിനിസ്റ്റീരിയൽ സ്റ്റാഫ്

LIBRARY ARCHIVES Kerala Legislative Assembly